# മഹാത്മാ ഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 സെപ്റ്റംബർ 3

# വാർത്താക്കുറിപ്പ്

## പരീക്ഷ ഫലം

2020 ഫെബ്രുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.സി.എ.(സി.ബി.സി.എസ്. സ്പെഷൽ സപ്ലിമെന്ററി-2017 അഡ്മിഷൻ), 2020 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ ബി.എസ്.ഡബ്ല്യൂ. (2017 അഡ്മിഷൻ) കോഴ്സുകളുടെ പരീക്ഷഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 14 വരെ സർവകലാശാല വെബ്സൈറ്റിലെ 'സ്റ്റുഡന്റ് പോർട്ടൽ' ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/850/2020)

## അപേക്ഷ തീയതി

ഒന്നാം സെമസ്റ്റർ ബി.വോക് (2018 അഡ്മിഷൻ റഗുലർ) പരീക്ഷയ്ക്ക് പിഴയില്ലാതെ സെപ്റ്റംബർ 14 വരെയും 525 രൂപ പിഴയോടെ സെപ്റ്റംബർ 16 വരെയും 1050 രൂപ സൂപ്പർ ഫൈനോടെ സെപ്റ്റംബർ 18 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/851/2020)

# മത്സരപരീക്ഷകൾക്ക് തയാറെടുക്കൽ: വെബിനാർ 11ന്

മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ ഉദ്യോഗാർഥികൾക്കായി മത്സരപരീക്ഷളെക്കുറിച്ച് സംഘടിപ്പിക്കുന്ന വെബിനാർ സെപ്റ്റംബർ 11ന് നടക്കും. വിവിധ മത്സരപരീക്ഷകൾക്ക് തയാറെടുക്കുന്നവർക്ക് പങ്കെടുക്കാം. വിവിധ പരീക്ഷ ഏജൻസികളെ വിശദമായി പരിചയപ്പെടുത്തൽ, സിവിൽ സർവീസ് ഉൾപ്പെടെയുള്ള മത്സരപരീക്ഷകൾ എന്നിവയെക്കുറിച്ചാണ് വെബിനാർ. വിശദവിവരത്തിന് ഫോൺ: 0481 2731025.

(പി.ആർ.ഒ/39/852/2020)

# എം.ജി. ബിരുദ പ്രവേശനം; സ്പോർട്സ്, കൾച്ചറൽ ക്വാട്ട അന്തിമ റാങ്ക് പട്ടികയായി

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളജുകളിൽ ബിരുദ പ്രവേശനത്തിന് സ്പോർട്സ്, കൾച്ചറൽ ക്വാട്ടകളിലേക്കുള്ള അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർ കോളജുമായി ബന്ധപ്പെട്ട് പ്രവേശനം ഉറപ്പുവരുത്തണം. നിർദേശിക്കുന്ന തീയതിക്കകം പ്രവേശനം നേടണം. കോളജുകൾ തെരഞ്ഞെടുത്തിരിക്കുന്ന ഇവന്റുകളുടെയും സീറ്റ് ലഭ്യതയുടെയും അടിസ്ഥാനത്തിൽ കോളജുകൾ പ്രസിദ്ധീകരിക്കുന്ന മുൻഗണന പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർ കോളജുകളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച മുൻഗണന പട്ടിക അടിസ്ഥാനമാക്കി കോളജ് നിഷ്കർഷിക്കുന്ന സമയത്ത് ഓൺലൈനായി ഫീസടച്ച് പ്രവേശനം ഉറപ്പാക്കണം. സ്പോർട്സ്, കൾച്ചറൽ ക്വാട്ട സീറ്റുകളിലേക്ക് ഇന്റർ ചെയ്ഞ്ചബിലിറ്റി ഉള്ളതിനാൽ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർ പ്രവേശന സാധ്യത അറിയാൻ കോളജുകളുമായി ബന്ധപ്പെടുക. പ്രവേശനത്തിന് കോളജുകളിൽ നേരിട്ട് ഹാജരാകേണ്ടതില്ല. പ്രവേശനം ഉറപ്പായ കോളജ് നിഷ്കർഷിക്കുന്ന സമയത്ത് കോളജിന്റെ ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ നിശ്ചിത ഫീസടച്ച് പ്രവേശനം ഉറപ്പാക്കണം. ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കുള്ള അന്തിമ റാങ്ക് പട്ടിക ഉടൻ പ്രസിദ്ധീകരിക്കും.

(പി.ആർ.ഒ/39/853/2020)

# ടൈംസ് വേൾഡ് യൂണിവേഴ്സിറ്റി റാങ്കിങ് 2021; രാജ്യാന്തര റാങ്കിങ്ങിന്റെ തിളക്കത്തിൽ എം.ജി.

**– ഇന്ത്യയിൽനിന്ന് 63 വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

**– ആദ്യ 800ൽ ഉൾപ്പെട്ട ദക്ഷിണേന്ത്യയിലെ ഏക സർവകലാശാലയായി എം.ജി.**

ലോകത്തിലെ മികച്ച സർവകലാശാലകളെ കണ്ടെത്തുന്നതിനുള്ള ടൈംസ് ഹയർ എജ്യുക്കേഷന്റെ ലോക സർവകലാശാല റാങ്കിങ് 2021 ൽ ഇടംപിടിച്ച് മഹാത്മാഗാന്ധി സർവകലാശാല. ഇന്ത്യയിൽ നിന്ന് റാങ്കിങ്ങിൽ ഉൾപ്പെട്ട 63 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആദ്യ 800 റാങ്കിനുള്ളിൽ ഇടംപിടിച്ച ദക്ഷിണേന്ത്യയിലെ ഏക സർവകലാശാലയായി എം.ജി. 601-800 റാങ്ക് പട്ടികയിലാണ് വിവിധ ഐ.ഐ.ടി.കൾക്കും ഡൽഹി, ജാമിയ മിലിയ, ജെ.എൻ.യു., ബനാറസ് ഹിന്ദു സർവകലാശാലകൾക്കൊപ്പം എം.ജി.യും ഇടംപിടിച്ചത്. ഗവേഷണം, അധ്യാപനം, അറിവ് പങ്കുവയ്ക്കൽ, രാജ്യാന്തര വീക്ഷണം, രാജ്യാന്തര നിലവാരം തുടങ്ങി 13 മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് റാങ്ക് പട്ടിക തയാറാക്കിയിട്ടുള്ളത്. 92 രാജ്യങ്ങളിൽനിന്നായി 1527 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടികയാണ് ടൈംസ് തയാറാക്കിയത്. കേരള സർവകലാശാലയും കുസാറ്റും 1000 പ്ലസ് റാങ്കിങ്ങിൽ ഇടംനേടി.

സർവകലാശാലയുടേത് അഭിമാനകരമായ നേട്ടമാണെന്നും സിൻഡിക്കേറ്റ്, അധ്യാപകർ, വിദ്യാർഥികൾ, ജീവനക്കാർ എന്നിവരുടെ കൂട്ടായ യത്നത്തിന്റെ ഫലമാണ് സർവകലാശാലയുടെ രാജ്യാന്തര നിലവാരത്തിലേക്കുള്ള വളർച്ചയെന്നും വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. രാജ്യത്തെ മികച്ച 10 വിദ്യാഭ്യാസസ്ഥാപനങ്ങളിലൊന്നായി സർവകലാശാലയെ മാറ്റുകയാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയവും ഓൾ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷനും നൂതനാശയങ്ങളും സംരംഭകത്വവും വളർത്തുന്ന രാജ്യത്തെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി തയാറാക്കിയ ആര്യ റാങ്കിങ്ങിൽ (അടൽ റാങ്കിങ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻസ് ഓൺ ഇന്നൊവേഷൻ അച്ചീവ്മെന്റ്സ്-ARIIA) സർക്കാർ-സർക്കാർ എയ്ഡഡ് സർവകലാശാലകളുടെ ഗണത്തിൽ ആദ്യ 25 റാങ്കിനുള്ളിൽ എം.ജി. ഇടംനേടിയിരുന്നു. റാങ്കിങ്ങിൽ ഇടംനേടിയ കേരളത്തിലെ ഏക സർവകലാശാലയായിരുന്നു എം.ജി.

രാജ്യത്തെ പ്രമുഖ ഐ.ഐ.ടി.കളോടടക്കം മത്സരിച്ച് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നാഷണൽ ഇൻസ്റ്റിറ്റിയൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ രാജ്യത്തെ മികച്ച 50 വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായി 30-ാം സ്ഥാനം നിലനിർത്തി. കേരളത്തിലെ മറ്റു സർവകലാശാലകളുമായി താരതമ്യം ചെയ്യുമ്പോൾ പഠനവകുപ്പുകളുടെയും അധ്യാപകരുടെയും എണ്ണം കുറവായിട്ടും അക്കാദമിക പ്രവർത്തനങ്ങളിലെയും ഭരണരംഗത്തെയും മികവാണ് എൻ.ഐ.ആർ.എഫ്. റാങ്കിങ്ങിൽ പോയിന്റ് വർധനയ്ക്ക് സഹായകമായത്.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനവികവിഷയങ്ങളിലെ ഗവേഷണവും കണ്ടുപിടുത്തങ്ങളും ശക്തിപ്പെടുത്തുന്നതിനായി യു.ജി.സി. നടപ്പാക്കിയ സ്കീം ഫോർ ട്രാൻസ് ഡിസിപ്ലിനറി റിസർച്ച് ഫോർ ഇന്ത്യാസ് ഡെവലപിങ് ഇക്കണോമി (സ്ട്രൈഡ്) പദ്ധതിയിലേക്ക് എം.ജി. തെരഞ്ഞെടുക്കപ്പെട്ടിരുന്നു. രാജ്യത്തെ 16 സർവകലാശാലകളെയാണ് സ്ട്രൈഡിലേക്ക് തെരഞ്ഞെടുത്തത്. സർവകലാശാലയിലെ ഗവേഷണരംഗത്തെ രാജ്യാന്തരനിലവാരത്തിലേക്ക് ഉയർത്തുന്നതിനായി റൂസ ഫണ്ട് അനുവദിക്കുന്നതിന് തെരഞ്ഞെടുക്കുകയും 50 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു.

സംസ്ഥാനത്തെ മികച്ച സർവകലാശാലയ്ക്ക് ഗവർണർ ഏർപ്പെടുത്തിയ 'ചാൻസലേഴ്സ് അവാർഡ്' 2015-16ലും 2017-18ലും നേടിയിട്ടുണ്ട്. 2019 ലെ ഇന്ത്യാടുഡേ-എം.ഡി.ആർ.എ. റാങ്കിംഗിൽ രാജ്യത്തെ മികച്ച സർവകലാശാലകളിൽ ആറാമതായി എം.ജി.യെ തെരഞ്ഞെടുത്തിരുന്നു. മുൻവർഷത്തെ 11-ാം റാങ്കിൽനിന്നാണ് ആറിലേക്ക് എത്തിയത്. എം.എച്ച്.ആർ.ഡി. റാങ്കിംഗിൽ 34-ാം സ്ഥാനം നേടിയ എം.ജി. നാക് പോയിന്റിൽ സംസ്ഥാനത്ത് ഏറ്റവും മുന്നിട്ടുനിൽക്കുന്ന സർവകലാശാലയാണ്. ഏറ്റവുമധികം ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുകയും പരീക്ഷ നടത്തിപ്പിലടക്കം നൂതനസാങ്കേതികവിദ്യ വിജയകരമായി നടപ്പാക്കുകയും ചെയ്തു.

(പി.ആർ.ഒ/39/854/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ